# മാതൃകാ ചോദ്യപേപ്പർ
# പാർട്ട് മലയാളം
# ഹയർ സെക്കണ്ടറി രണ്ടാം വർഷം

പരമാവധി സ്കോർ : 80
സമയം : 2 1/2 മണിക്കൂർ
സമാശ്വാസ സമയം : 15 മിനിട്ട്

പൊതു നിർദ്ദേശങ്ങൾ
ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും ഉത്തരമെഴുതുന്നതിനും ഉപയോഗിക്കുക.
ചോദ്യങ്ങൾക്കൊപ്പമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിച്ചു മനസ്സിലാക്കി ഉത്തരങ്ങൾ എഴുതുക.

**1.** 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക സ്കോർ 2 വീതം (5x2=10)

1. "മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ,
സാരജ്ഞനല്ലൊട്ടുമോർത്തോളം ധാത്രീശ! ഭവാൻ"–ഈ വരികളിൽ പരാമർശിക്കുന്ന കഥാപാത്രങ്ങൾ ആരൊക്കെ?
- ദമയന്തി – നളൻ
- ശകുന്തള – ദുഷ്യന്തൻ
- സീത – ശ്രീരാമൻ
- ശീലാവതി – ഉഗ്രതപസ്സ്

2. മാജിക്കൽ റിയലിസത്തിന്റെ സ്വാധീനമുള്ള രണ്ട് വാക്യങ്ങൾ തിരഞ്ഞെടുത്ത് എഴുതുക ?
- കുട്ടികൾ നിശ്ചയദാർഢ്യം ഉള്ളവരായിരുന്നു.
- മൂന്നടിയോളം ഉയരത്തിൽ പ്രകാശം തളം കെട്ടി
- വേണമെങ്കിൽ ടീച്ചറുടെ കസേര പോലും അവർ നേടിയെടുക്കും
- പൊട്ടിയ ബൾബിൽ നിന്ന് തണുത്ത വെള്ളത്തിന്റെ കുത്തൊഴുക്കുപോലെ സ്വർണപ്രകാശം കുതിച്ചു ചാടി പുറത്തേക്കൊഴുകാൻ തുടങ്ങി.

3. അഗ്നിവർണന്റെ കാലുകൾ എന്ന നാടകം ഏതൊക്കെ വിഭാഗത്തിൽ പെടുന്നു ?
- കാക്കാരശ്ശി നാടകം
- തനതു നാടകം
- ചവിട്ടു നാടകം
- ആക്ഷേപ ഹാസ്യനാടകം

4. പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികളുടെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക–
- കേരളീയത
- അറേബ്യൻ ചരിത്രം
- ഏറനാടൻ ഭാഷ
- സ്ത്രീ വിരുദ്ധത

5. ഗൗളി ജന്മം എന്ന കഥയിൽ വിമർശന വിധേയമാകുന്ന കാര്യങ്ങൾ ഏതൊക്കെ –
- അന്ധവിശ്വാസം
- രാഷ്ട്രീയരംഗത്തെ അഴിമതി
- പുരുഷ മേധാവിത്വം
- സംഗീത രംഗത്തെ ആത്മാർത്ഥതയില്ലായ്മ

6. താഴെ പറയുന്നവയിൽ നവമാധ്യമങ്ങളുടെ സവിശേഷതകൾ ഏതൊക്കെയാണ് ?

- സമാന ചിന്താഗതിയുള്ളവർക്ക് ഒരുമിക്കാനുള്ള വേദി
- വാർത്തകൾ ഉത്ഭവിക്കുന്നിടത്തു തന്നെ തത്ക്ഷണം സൈബർ ലോകത്ത് എത്തുന്നു.
- എഴുത്തു ശിക്ഷണവും എഡിറ്റിംഗ് പരിശീലനവും ലഭിച്ചവർ മാത്രം വാർത്തകൾ കൈകാര്യം ചെയ്യുന്നു
- നിരന്തര സംവാദങ്ങൾക്കോ തത്ക്ഷണ ചർച്ചകൾക്കോ സാധ്യതയില്ല.

**II.** 7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം (3x2=6)

7. കിരാത വൃത്തത്തിലെ ഏതെങ്കിലും രണ്ട് ദൃശ്യ ബിംബങ്ങൾ എഴുതുക

8. "പണ്ഡിതൻമാർക്കു പോലുമുള്ളോരു ശീലമത്രേ" – ഏതു ശീലത്തെക്കുറിച്ചാണ് ശകുന്തള ഇപ്രകാരം പറയുന്നത് ?

9. മാധ്യമങ്ങളിലെ ഭാഷ എപ്രകാരമായിരിക്കണമെന്നാണ് 'മാധ്യമ വിചാര'ത്തിലൂടെ വി ആർ പ്രബോധ ചന്ദ്രൻ പറയുന്നത് ?

10. കാക്കരശ്ശി നാടകത്തിന്റെ രണ്ടു പ്രത്യേകതകൾ എഴുതുക ?

**III.** 11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം (6x4=24)

11. "അയുക്തി ഹാസ്യത്തിന് കാരണമാകാറുണ്ട്" – ഈ പ്രസ്താവത്തെ 'തേങ്ങ' എന്ന കവിതയുമായി ബന്ധിപ്പിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക

12. ശ്രീനാരായണഗുരുവിന്റെ ദൈവദശകം എന്ന കവിതയെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക

13. "പൗരാണിക സ്മരണകളുടെ ഒരു പൂങ്കാവനമാണ് ബദരികാശ്രമം" – എസ് കെ പൊറ്റക്കാട് അവതരിപ്പിക്കുന്ന ബദരികാശ്രമത്തെക്കുറിച്ച് വിവരിക്കുക

14. "ഭർത്താവിൽ നിന്ന് എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ശീലാവതിക്ക് അനുഭവിക്കേണ്ടി വന്നത് ?" – കൊള്ളിവാക്കല്ലാതൊന്നും എന്ന പാഠഭാഗത്തെ മുൻനിർത്തി വിശദമാക്കുക

15. "വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ എന്നാണ് വിദൂഷകനു സംശയം" ഈ പ്രസ്താവനയിൽ തെളിയുന്ന ആക്ഷേപഹാസ്യം വ്യക്തമാക്കുക

16. "ആ വെളിച്ചത്തിനു പിന്നിൽ ഒരു ചതിവുണ്ടെന്നു ദിവാകരനു മനസ്സിലായി" – അവകാശങ്ങളുടെ പ്രശ്നത്തിലെ ദിവാകരന്റെ ധർമസങ്കടം വിശദമാക്കുക

17. 'നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും' – എഴുത്തച്ഛന്റെ ഈ വരിയെ ദയാബായിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി എഴുതുക

**IV. 18** മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം (3x6=18)

18. "ചൂഷണത്തിനും അപമാനത്തിനും ഒരേ രീതിയിലാണ് കാട്ടാളന്റെ കുലവും പ്രകൃതിയും വിധേയരാകുന്നത് " – ഈ പ്രസ്താവന പരിശോധിക്കുക.

19. 'മനുഷ്യൻ നിർമ്മിച്ച അതിർ വരമ്പുകളെ കലമായ്ച്ചുകളയുന്നു' – കലാമണ്ഡലം ഹൈദരലിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

20. ബാഹുകൾ നളൻ തന്നെയാമെന്ന നിഗമനത്തിൽ ദമയന്തി എത്തിച്ചേരുന്നതെങ്ങനെ ?

21. എം പി വീരേന്ദ്രകുമാറിന്റെ 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠഭാഗത്ത് ഒരു ചരിത്രാന്വേഷിയെ തെളിഞ്ഞു കാണാം – ഈ പാഠഭാഗം അപഗ്രഥിച്ച് വിശദമാക്കുക.

**V.** താഴെ തന്നിരിക്കുന്ന കവിത വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

2 സ്കോർ വീതം (2x3=6)

തോടുടഞ്ഞിരു നീലച്ചിറകു വിരിഞ്ഞൊന്നു
പാടുവാനാരംഭിക്കെ, പൂങ്കുയിൽക്കുഞ്ഞേ, നിന്നെ
കൊത്തിയാട്ടിയോ കാക്കത്തള്ള, യാനോവും പേറി
നഷ്ടനീഢനായെങ്ങു പറന്നു പോകുന്നു നീ"
ആദ്യത്തെ ഗാനം തന്നെ യാദ്യ ദു:ഖമായിനി–
യാദു:ഖ മൊരായിരം ഗാനമായ് വിരിയട്ടെ
ഇരവായ്, കരൾ നൊന്തുപാടി നീ! കാതോർത്തു നീ–
ന്നിള കോൾമയിർ കൊണ്ടു വിരിഞ്ഞു പനിനീർപ്പൂക്കൾ

(പരഭൃതദു:ഖം – ഒ എൻ വി കുറുപ്പ്)

(നഷ്ടനീഢൻ – കൂടു നഷ്ടപ്പെട്ടവൻ, ഇരവ് – രാത്രി, ഇള – ഭൂമി)

22. കുയിലിന്റെ ഗാനത്തിൽ മുഴങ്ങുന്നത് ദു:ഖമാണെന്ന് കവി കരുതുന്നതെന്തു കൊണ്ടാവാം ?

23. കുയിലിന്റെ ഗാനത്തിന്റെ വൈശിഷ്ട്യം കവി വ്യക്തമാക്കുന്നതെങ്ങനെ ?

24. കുയിലിനോടുള്ള കവിയുടെ ആശംസ എന്താണ് ?

**VI.** 25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം (2x8=16)

25. വ്യക്തികളെ സംഘടിപ്പിക്കാനും ആശയങ്ങൾ ഊതിക്കാച്ചിയെടുക്കാനും പരമ്പരാഗത മാധ്യമങ്ങളെക്കാൾ അവസരം ഒരുക്കിത്തരുന്ന ജനാധിപത്യവേദിയാണ് സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ.
ഈ പ്രസ്താവന എത്രമാത്രം ശരിയാണ് ? നിങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുക.

26. നിശ്ചയദാർഢ്യവും ഭാവനയും കൊണ്ട് പ്രവാസജീവിതത്തെ അതിജീവിക്കുകയും ജന്മദേശത്തെ വീണ്ടെടുക്കുകയും ചെയ്യുന്ന കഥയാണ് 'പ്രകാശം ജലം പോലെയാണ് ' – ഈ പ്രസ്താവനയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

27. ' പെൺഗൗളി താഴേക്കു കുതിച്ചുചാടി ആൺഗൗളിയുടെ ജീവിതത്തിൽ നിന്നും അപ്രത്യക്ഷയായ് ' – പെൺഗൗളിയുടെ അപ്രത്യക്ഷമാകൽ സ്ത്രീ ജീവിതത്തിന്റെ സ്വാതന്ത്ര്യ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതാണ് :– നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.

# ചോദ്യപേപ്പർ തയ്യാറാക്കിയവർ

1. സുജിത പി – 288175 ജിഎച്ച്എസ്എസ് കാട്ടിക്കുളം (12032)

2. മനോജ് ബാബു – 261610 ജിഎച്ച്എസ്എസ് തൃശ്ശിലേരി (12031)

3. സാബിറ എം – 674289 ജിഎച്ച്എസ്എസ് തരുവണ (12063)

4. സജി ജോസഫ് – 284342 സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ (12055)

5. സ്വപ്ന കെ വി – 634790 ജിഎച്ച്എസ്എസ് നീർവാരം (12041)

6. സോണി ജേക്കബ് – 748900 എഎംആർ ജ ിഎച്ച് എസ് എസ് നല്ലൂർനാട് (12003)

7. ശ്രീജ ടി – 562346 ജിഎച്ച്എസ്എസ് പടിഞ്ഞാറത്തറ (12008)